**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1075** **10-08-2023 - ൽ മറുപടിയ്ക്ക്**

**ചമ്രവട്ടം ബിയ്യം ലിങ്ക് കനാൽ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പൊന്നാനി, തൃശ്ശൂർ കോൾ മേഖലാ കൃഷിക്ക് ഏറ്റവും സഹായകരമായ ചമ്രവട്ടം ബിയ്യം ലിങ്ക് കനാലിന്റെ പ്രവൃത്തി ഏതുവരെയായെന്നും അതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ? | (എ) | പൊന്നാനി കോൾ മേഖലയിലെ 400 ഹെക്ടറോളം വരുന്ന കൃഷി സ്ഥലത്ത് ജലം ലഭ്യമാക്കുന്നതിനുള്ള ചമ്രവട്ടം ഭാരതപ്പുഴ മുതൽ ബിയ്യം റെഗുലേറ്റർ വരെയുള്ള ലിങ്ക് കനാൽ നിർമ്മാണത്തിനുള്ള നടപടികളുടെ ഭാഗമായി പ്രസ്തുത പദ്ധതിയുടെ 2350 ലക്ഷം രൂപയുടെ പ്രോജക്റ്റ് റിപ്പോർട്ട് റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി അനുമതി ലഭിക്കുന്നതിനായി 25.02.2022-ൽ സർക്കാരിലേക്ക് ലഭിച്ചിരുന്നു. പദ്ധതിയുമായി ബന്ധപ്പെട്ട പരിസ്ഥിതി ആഘാത പഠന റിപ്പോർട്ട് (EIA study Report) കൂടി ഉൾപ്പെടുത്തി പ്രൊപ്പോസൽ വീണ്ടും സമർപ്പിക്കണമെന്നുള്ള നിർദ്ദേശ പ്രകാരം പ്രസ്തുത പദ്ധതിയുടെ ഫീസിബിലിറ്റി സംബന്ധിച്ചും പരിസ്ഥിതി ആഘാതം സംബന്ധിച്ചും പഠനം നടത്തുന്നതിലേക്കായി കോഴിക്കോട് Centre for Water Resources development and Management (CWRDM) ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ